**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1743** **09-12-2022 - ൽ മറുപടിയ്ക്ക്**

**അഴീക്കൽ പോർട്ടിനെ റീജിയണൽ പോർട്ട് ആയി ഉയർത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ. അഹമ്മദ് ദേവർകോവിൽ<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി) | |
| (എ) | അഴീക്കൽ പോർട്ടിനെ റീജിയണൽ പോർട്ടായി ഉയർത്തുന്നതിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കുമോ; | (എ) | കേരള മാരിടൈം ബോർഡിന്റെ ഓർഗാനോഗ്രാം തയ്യാറാക്കി അംഗീകാരം നേടുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. അഴീക്കൽ തുറമുഖത്തെ റീജിയണൽ പോർട്ട് ആയി ഉയർത്തുന്നതിനുള്ള പ്രൊപ്പോസലും ഇതിൽ ഉൾപ്പെടും. |
| (ബി) | പോർട്ടിൽ എത്തിച്ചേരുന്ന കപ്പലുകൾക്ക് ആവശ്യമായ ശുദ്ധജല വിതരണത്തിനുള്ള പൈപ്പ്ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ? | (ബി) | അഴീക്കൽ തുറമുഖത്ത് എത്തിച്ചേരുന്ന കപ്പലുകൾക്കാ- വശ്യമായ ശുദ്ധജലവിതരണത്തിനുള്ള പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി 12/02/2021-ൽ 2 കോടി രൂപ കേരള വാട്ടർ അതോറിറ്റിയുടെ അക്കൗണ്ടിലേക്ക് നിക്ഷേപിച്ചെങ്കിലും 31/03/2021-ൽ ഈ തുകയിൽ നിന്നും 1.90കോടി രൂപ ധനവകുപ്പ് പിൻവലിച്ചു. പ്രസ്തുത തുക തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ് . |

സെക്ഷൻ ഓഫീസർ